(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ നടപടി എടുത്തിട്ടുള്ള അപേക്ഷകരുടെ കണക്ക് ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാർ എത്ര തുക പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തിന് വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ; ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബി.പി.എൽ. അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) നടപടി എടുത്തിട്ടുള്ള അപേക്ഷകരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്

നൽകിയ തുക - 9631.194 ലക്ഷം രൂപ

ചെലവഴിച്ച തുക - 9631.194 ലക്ഷം രൂപ.

ഊർജ്ജ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

37 (404) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ അരൂർ നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട് ; ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവൃത്തികൾ വിശദമാക്കാമോ ;

(സി) എരമല്ലൂർ കടപ്പുറത്ത് പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അവിടെ സബ്സ്റ്റേഷൻ നിർമ്മാണം എന്ന് ആരംഭിക്കും?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ 11 കെ.വി. ലൈൻ നിർമ്മാണം പുതിയ 11 കെ.വി. ലൈൻ നവീകരണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ എൽ.റ്റി. ലൈൻ നിർമ്മാണം, എൽ.റ്റി. ലൈൻ നവീകരണം, സിംഗിൾഫേസ് ത്രീ ഫേസ് ലൈനാക്കി മാറ്റൽ, പുതിയ സർവീസ് കണക്ഷൻ നൽകൽ, കേടായ മീറ്റർമാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്.

(ബി) 221 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 18 കി.മീ. 11 കെ.വി. ലൈൻ നവീകരണം, 969 കി.മീ. എൽ.റ്റി. ലൈൻ നവീകരണം, 92.6 കി.മീ. ലൈൻ കൺവേർഷൻ എന്നിവയാണ് ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവൃത്തികൾ.

(സി) എരമല്ലൂർ കടപ്പുറം എന്ന സ്ഥലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തി അതു വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

സൗജന്യ വൈദ്യുതി കണക്ഷൻ

38 (405) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ബി.പി.എൽ. കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; അർഹതാ മാനദണ്ഡം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകി വന്ന ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നു ; ഈ പദ്ധതി ഈ സർക്കാർ അധികാരമേറ്റതിനുശേഷം നിർത്തിവയ്ക്കുകയുണ്ടായോ ; ഉണ്ടായെങ്കിൽ എന്നു മുതലാണ് നിർത്തിവച്ചത് ; നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(സി) മാരകരോഗം ബാധിച്ച ആളുകളുടെ കുടുംബങ്ങൾക്ക് പുതുതായി വൈദ്യുത കണക്ഷൻ നൽകുന്നതിനും നിലവിലുള്ള ഇത്തരം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ കുറവു നൽകുന്നതിനും നിലവിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly